# ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.

(ഹാജർ: എച്ച്.നജീബ്)

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം -കൊല്ലം ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ എൽ.ഡി. ടൈപ്പിസ്റ്റായ ശ്രീ.ബി.തൃദീപ് കുമാറിന്റെ പേരു വിവരങ്ങൾ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

---

**ഉത്തരവ് നം.3354/എസ്റ്റാ.ഡി4/2020/സി.ആർ.ഡി തീയതി : 23.11.2020**

---

പരാമർശം:-

1) കൊല്ലം അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ന്റെ 1.08.2019 ലെ ഡി1/2846/2002 നമ്പർ കത്ത് പ്രകാരം ലഭിച്ച ശ്രീ.ബി.തൃദീപ് കുമാറിന്റെ 09.07.2019 ലെ അപേക്ഷ
2) സ.ഉ.(സാധാ.) നം. 151/2013/ത.സ്വ.ഭവ. തീയതി 19.04.2013
3) 15.06.2015 ലെ 9909/എസ്റ്റാ.ഡി4/2014/സി.ആർ.ഡി. നം.ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച സീനിയോരിറ്റി ലിസ്റ്റ്.
4) 12.10.2020 ലെ തസ്വ.ഭവ.-ഐ.ബി1/47/2020/ത.സ്വ.ഭ.വ. നം. സർക്കാർ കത്ത്
5) കൊല്ലം അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ന്റെ 09.11.2020 ലെ ഡി1/2368/2020 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ എൽ.ഡി.ടൈപ്പിസ്റ്റായ ശ്രീ.ബി.തൃദീപ് കുമാറിനെ, പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം സർവ്വീസിൽ സ്ഥിരപ്പെടുത്തി ഉത്തരവ് തീയതിയായ 19.04.2013 മുതൽ എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും നൽകാൻ ഉത്തരവായിരുന്നുവെങ്കിലും ടിയാന്റെ റിട്ടയർമെന്റിന് ശേഷം പ്രസ്തുത തസ്തിക ഇല്ലാതാകുന്നു എന്ന കാരണത്താൽ ടിയാന്റെ പേരുവിവരങ്ങൾ പൊതു സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ സ്ഥാനക്കയറ്റം നൽകുകയോ ചെയ്തിരുന്നില്ല.

ശ്രീ.ബി.തൃദീപ് കുമാറിനെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ റെഗുലറൈസ് ചെയ്ത് 19.04.2013 ലെ സ.ഉ.(സാധാ.)നം.151/2013/ത.സ്വ.ഭ.വ. ഉത്തരവ് പുറപ്പെടുവിക്കുകയും ടിയാൻ ഇപ്രകാരം സർവ്വീസിൽ അംഗമാകുകയും (**Member of service as defind in Rule 2(9) Part 1 KS & SSR)** ചെയ്തിട്ടുള്ള സാഹചര്യത്തിൽ റഗുലറൈസ് ചെയ്ത തീയതി മുതൽ ടിയാനെ പൊതു സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതും സ്ഥാനക്കയറ്റത്തിന് യോഗ്യനാകുന്ന പക്ഷം മറ്റുള്ളവരോടൊപ്പം സ്ഥാനക്കയറ്റത്തിന് പരിഗണിക്കേണ്ടതാണെന്നും റിട്ടയർമെന്റോടുകൂടി ഈ തസ്തിക ഇല്ലാതാകുന്നതിനാൽ അർഹതപ്പെട്ട സീനിയോരിറ്റിയും മറ്റ് ആനുകൂല്യങ്ങളും നിഷേധിക്കാൻ കഴിയുകയില്ലായെന്നും പരാമർശം (4) ലെ സർക്കാർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, കൊല്ലം ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ എൽ.ഡി.ടൈപ്പിസ്റ്റായ ശ്രീ.ബി.തൃദീപ് കുമാറിന്റെ പേരുവിവരങ്ങൾ പരാമർശം (3) ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 49 ആയ ശ്രീമതി.മഹദിയ എം. ന് തൊട്ടുതാഴെ സീനിയോരിറ്റി നം. 49(എ) ആയി ക്രമീകരിച്ചും ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

| സീനിയോരിറ്റി നം | പേര്, തസ്തിക | വിദ്യാഭ്യാസ യോഗ്യത | അഡ്വൈസ് / റെഗുലറൈസ് ചെയ്തുകൊണ്ടുള്ള ഉത്തരവ് | പ്രൊബേഷൻ ഡിക്ലയർ ചെയ്തത് സംബന്ധിച്ച വിവരം | റിമാർക്സ് |
|---|---|---|---|---|---|
| 49എ | ശ്രീ.ബി.തൃദീപ് കുമാർ, എൽ.ഡി. ടൈപ്പിസ്റ്റ് | SSLS, Typewriting Eng&Mal (H) | സ.ഉ.(സാധാ.) നം. 151/2013/ത.സ്വ.ഭ വ. തീയതി 19.04.2013 | കൊല്ലം ജില്ലാ കളക്ടറുടെ 06.06.15 ലെ ഡി4/1618/2015 നമ്പർ ഉത്തരവ് പ്രകാരം 20.04.2015 ന് നിരീക്ഷണ കാലം പൂർത്തീകരിച്ചു | താൽക്കാലിക നിയമനം സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തി |

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്;- ശ്രീ.ബി.തൃദീപ് കുമാർ, എൽ.ഡി.ടൈപ്പിസ്റ്റ് കൊല്ലം ദാരിദ്ര്യ ലഘൂകരണ വിഭാഗം.

പകർപ്പ് : -
1. പ്രോജക്ട് ഡയറക്ടർ, കൊല്ലം ദാരിദ്ര്യ ലഘൂകരണ വിഭാഗം
2. അസി. ഡെലവപ്മെന്റ് കമ്മീഷണർ (ജനറൽ) കൊല്ലം
3. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം,

ജൂനിയർ സൂപ്രണ്ട്

G

File No.LSGD-IB1/47/2020-LSGD

(6)

14/10/2020

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

നമ്പർ.തസ്വഭവ-ഐ.ബി1/47/2020-തസ്വഭവ

12/10/2020, തിരുവനന്തപുരം

ഫോൺ - 0471 251 8611

ഇ മെയിൽ - lsgibdept@gmail.com

പ്രിൻസിപ്പൽ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ,

തിരുവനന്തപുരം

COMMISSIONER

19 OCT 2020

009830

സർ,

വിഷയം:- തസ്വഭവ-കൊല്ലം ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ.ബി.തുദീപ് കുമാറിന്റെ പേരുവിവരങ്ങൾ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്നത് - സ്പഷ്ടീകരണം - സംബന്ധിച്ച്

സൂചന:- 1) സഉ(എം.എസ്) നം.151/2013/തസ്വഭവ, തീയതി 19.04.2013

2) താങ്കളുടെ 10.06.2020-ലെ 11746/Estt D4/2019/CRD-നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന(1) പ്രകാരം ശ്രീ.ബി.തുദീപ് കുമാറിനെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ റഗുലറൈസ് ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ടിയാൻ ഇപ്രകാരം ഒരു സർവീസിൽ അംഗമാകുകയും (Member of a Service as defined in Rule 2(9) Part I, KS&SSR) ചെയ്തിട്ടുള്ള സാഹചര്യത്തിൽ റഗുലറൈസ് ചെയ്ത തീയതി മുതൽ ടിയാനെ പൊതു സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതും സ്ഥാനക്കയറ്റത്തിന് യോഗ്യനാകുന്ന പക്ഷം മറ്റുള്ളവരോടൊപ്പം ടിയാനെയും സ്ഥാനക്കയറ്റത്തിന് പരിഗണിക്കേണ്ടതുമാണ്. ടിയാന്റെ റിട്ടയർമെന്റോട് കൂടി തസ്തിക ഇല്ലാതാകുന്നു എന്ന കാരണത്താൽ ടിയാന് അർഹതപ്പെട്ട സീനിയോറിറ്റിയും മറ്റ് ആനുകൂല്യങ്ങളും നിഷേധിക്കാൻ കഴിയുകയില്ലെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

പി .കെ. പ്രതാപൻ

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

15/10

15/10/20

അംഗീകാരത്തോടെ ,

സെക്ഷൻ ഓഫീസർ.